## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 379 — 19-10-2016-ൽ മറുപടിയ്ക്ക്

**പട്ടികജാതി പെൺകുട്ടികൾക്ക് ആരോഗ്യ സുരക്ഷയും ഉന്നത വിദ്യാഭ്യാസവും ഇൻഷുറൻസും ഉറപ്പാക്കുന്നതിന് പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>" വി.പി. സജീന്ദ്രൻ<br>" എ.പി. അനിൽകുമാർ<br>" വി.ഡി. സതീശൻ** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പാവപ്പെട്ട പട്ടികജാതി പെൺകുട്ടികൾക്ക് ആരോഗ്യ സുരക്ഷയും ഉന്നത വിദ്യാഭ്യാസവും ഇൻഷ്വറൻസും ഉറപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | പാവപ്പെട്ട പട്ടികജാതി പെൺകുട്ടികൾക്കുവേണ്ടി 'വാത്സല്യനിധി' എന്ന ഇൻഷുറൻസ് അധിഷ്ഠിത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആസൂത്രണ, ധനകാര്യ വകുപ്പുകളുടെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും പദ്ധതി നടത്തിപ്പ്.<br><br>ഈ പദ്ധതിയിൽ 1,00,000/- രൂപ വരെ വാർഷിക വരുമാനമുള്ള മാതാപിതാക്കൾക്ക് 2016-17 വർഷം മുതൽ ജനിച്ച പെൺ കുട്ടികളെ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന ഓരോ കുട്ടിയുടെയും പേരിൽ 1,38,000/- രൂപ 4 ഘട്ടങ്ങളിലായി നിക്ഷേപിക്കാനും കുട്ടിക്ക് 18 വയസ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപ ലഭ്യമാക്കാനുമാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| ബി) | ആദ്യ ഘട്ടത്തിൽ എത്ര ഗുണഭോക്താക്കളെയാണ് ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | ആദ്യ ഘട്ടത്തിൽ 5000 ഗുണഭോക്താക്കളെ ഉൾപ്പെടുത്താനാണുദ്ദേശിക്കുന്നത്. |
| സി) | ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളുമായി ചേർന്നാണോ പദ്ധതി നടപ്പാക്കുന്നത് ; എങ്കിൽ സർക്കാർ വിഹിതം എത്രയാണ് ; വിശദമാക്കുമോ ? | സി) | LIC of India യുമായി ചേർന്ന് പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ആറു മാസം പൂർത്തിയായിട്ടുള്ളതും ജനന രജിസ്ട്രേഷൻ നടത്തിയതും ജനിച്ച് ആദ്യ 90 ദിവസത്തിനുള്ളിൽ നിർബന്ധിത പ്രതിരോധ കുത്തിവെയ്പ് എടുത്തിട്ടുള്ളതും നിശ്ചിത അപേക്ഷാ ഫോമിൽ ടി പദ്ധതിക്കായി അപേക്ഷ നൽകിയിട്ടുള്ളതുമായ പെൺകുട്ടിക്ക് പദ്ധതിയുടെ ആദ്യ ഗഡുവായി 30,000/- രൂപയും കുട്ടിക്ക് 6 വയസ്സു പൂർത്തിയാക്കി സ്കൂൾ പ്രവേശനം നേടി മറ്റ് നിർബന്ധിത പ്രതിരോധ കുത്തിവെയ്പുകളും, മെഡിക്കൽ ചെക്കപ്പുകളും പൂർത്തിയാക്കിയതായുള്ള സാക്ഷ്യപത്രം സമർപ്പിക്കുമ്പോൾ രണ്ടാം ഗഡുവായ 33,000/-രൂപയും കുട്ടി 5 -ാം ക്ലാസ് പൂർത്തിയാക്കുമ്പോൾ 3-ാം ഗഡുവായ 36,000/- രൂപയും 10-ാം ക്ലാസ് പൂർത്തിയാക്കിയതിനുശേഷം അവസാന ഗഡുവായ 39,000/- രൂപയും നിക്ഷേപിക്കാനും കുട്ടിക്ക് 18 വയസ്സു പൂർത്തിയാകുമ്പോൾ ഉപരി പഠനത്തിനോ, മറ്റ് നിർമ്മാണ വികസന പ്രക്രിയകൾക്കോ ഉപയോഗിക്കാവുന്ന തരത്തിൽ 3,00,000/- രൂപ നൽകാനുമാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ